## 464

എൻ ജീവനാഥൻ കൃപയാലെന്നെ നടത്തിടുവതെന്താനന്ദം!
തൻജീവനെന്നെ വിജയം നൽകി പുലർത്തിടുവതെന്താനന്ദം!

1 ബഹുവിധ ഭീതികളേറും ധരയിൽ തീരാത്ത കൃപയെൻമീതേ
പകരുവതമിതം സന്തോഷമനിശവും തരും ഭയമെഴാതെ ഓ-ഓ-തരും

2 പല പരിശോധനകൾ വരുമെന്നാൽ ശ്രീയേശുവരികിൽ വന്നു
മമ കൃപമതിയെന്നെന്നോടു ദിവസവും
മോദാലരുളിടുന്നു ഓ-ഓ മോദാൽ

3 അതിബലമുള്ള കരങ്ങൾ മൂലം താങ്ങുന്നു കൃപയാലെന്നെ
മതിബലമകലും നേരത്തഭയമവൻ നൽകിടുന്നു നന്നേ ഓ-ഓ നൽകി

4 മനുജരനേകമരാജകമായി മേവുന്നുലകിലീ കാലം
മനസ്സുഖമൊടു ഞാൻ വാസം തുടരുവതു
ദിവ്യകരുണമൂലം ഓ-ഓ ദിവ്യ

T.K.S.